


# എന്റെ കർത്താവേ... എന്റെ ദൈവമേ...

ബ്ര. റിച്ചാർഡ് വാരിക്കാശ്ശേരിൽ, MCBS

യോഹ. 19: 31-42 (Vol. 9, Issue 56)

പ്രതീക്ഷയുടെ സ്വപ്നകൂടാരങ്ങൾ തകർന്നടിഞ്ഞ ഒരുപറ്റം മനുഷ്യരുടെ കൂട്ടായ്മ; രാജ്യം സ്ഥാപിക്കുമെന്ന് അവകാശപ്പെട്ട രാജാവിന്റെ പിന്നാലെ നടന്നതിന്റെ നഷ്ടദുഃഖം മാത്രം ബാക്കിയുള്ളവരുടെ ഒത്തുചേരൽ. മൂന്ന് വർഷങ്ങൾ നഷ്ടപ്പെട്ടതിലും വലുതാണ് തങ്ങളുടെ ആത്മാഭിമാനത്തിനേറ്റ മുറിപ്പാടുകൾ. ആദർശങ്ങളുടെ അടിത്തറയ്ക്ക് ഇളക്കം തട്ടിയോ? ആവേശത്തോടെ ഉപേക്ഷിച്ചുകളഞ്ഞ വള്ളവും വലയും ഗലീലിയുടെ തീരങ്ങളിൽ ചോദ്യചിഹ്നങ്ങളായി മാറി. നഷ്ടപ്പെട്ട സമ്പന്നതയുടെ നാണയക്കിലുക്കങ്ങൾ കാതുകളിൽ പരാജിതന്റെ ആർത്തനാദങ്ങളായി. മൂന്ന് വർഷത്തെ ജീവിതശൈലി കൊണ്ട് അകന്നുപോയ ബന്ധങ്ങളുടെ ചങ്ങലക്കണ്ണികൾ. മാതാപിതാക്കൾ, ഭാര്യ, ബന്ധുക്കൾ, സുഹൃത്തുക്കൾ പിന്നെ പരാജിതന്റെ പരിവേഷം.

ആകെ അസ്വസ്ഥത, അസ്ഥിരത, ഭയം, പ്രതീക്ഷയുടെ തിരിനാളത്തെ തല്ലിക്കെടുത്തുന്ന അവ്യക്തത. ഈ അവസ്ഥയിൽ ശാശ്വതമായ സമാധാനത്തിന്റെയും ആനന്ദത്തിന്റെയും സന്ദേശമായി ഈശോ അവരുടെ മധ്യേ പ്രത്യക്ഷനാകുന്നു. ഈ അവസരത്തിൽ അവിടെ ഇല്ലാതിരുന്ന തോമാശ്ലീഹാ, യേശുവിനെ നേരിൽക്കാണാൻ ശഠിക്കുന്നു. ഈശോ അവന്റെ ആഗ്രഹം സാധിച്ചുകൊടുക്കുന്നു. "നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" (യോഹ. 20: 29). ഉത്ഥിതന്റെ വാക്കുകളിൽ, കണ്ടുവിശ്വസിച്ച തോമായും കാണാതെ വിശ്വസിച്ച നമ്മളും ഭാഗ്യവാന്മാരായി. ക്രൈസ്തവജീവിതത്തിന്റെ സമ്പന്നത, ഉത്ഥിതനിൽ വിശ്വസിക്കുവാൻ സാധിക്കുക എന്നതു തന്നെയാണ്. വിശ്വാസത്തിന്റെ സൗഭാഗ്യം അനുദിനജീവിതത്തിൽ നിറസാന്നിധ്യമായി അനുഭവിക്കുവാൻ കൃപ നൽകേണമെ എന്നതായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന.

വിശ്വാസം ഏറ്റുപറയുന്നതിനു മുമ്പ് തോമാശ്ലീഹാ ഏറ്റുപറഞ്ഞത് തന്റെ അവിശ്വാസം തന്നെയായിരുന്നു. "ഞാൻ വിശ്വസിക്കില്ല." തന്റെ അവിശ്വാസത്തെ മൂടിവയ്ക്കാതെ അത് തുറന്നുപറഞ്ഞ തോമസ് വിശ്വാസമില്ലാതെ, വിശ്വാസിയായി അഭിനയിക്കാൻ തയ്യാറല്ല. ഇത് പണ്ടേയുള്ള സ്വഭാവം തന്നെ. "ഞാൻ പോകുന്നിടത്തേയ്ക്കുള്ള വഴി നിങ്ങൾക്കറിയാം" എന്ന് യേശു പറഞ്ഞപ്പോൾ "നീ എവിടെ പോകുന്നുവെന്നത് അറിയാതിരിക്കെ അങ്ങോട്ടുള്ള വഴി ഞങ്ങളെങ്ങനെ അറിയും" എന്ന് ചോദിക്കുന്ന തോമസിനെ നാം കാണുന്നു. അറിയാത്തത് അറിയാമെന്നും കഴിയാത്തത് കഴിയുമെന്നും വിചാരിക്കുന്ന നമുക്ക് തോമാശ്ലീഹാ വെല്ലുവിളി തന്നെയാണ്.

അകത്തും പുറത്തും ഒരുപോലെ പരമാർത്ഥത മുറ്റിനിൽക്കുന്ന സത്യവാനെയാണ് തോമസിൽ നാം കാണുക. ഈ ഹൃദയപരമാർത്ഥത തന്നെയാണ് തോമസിനെ മാത്രം പ്രത്യേകം ക്ഷണിക്കാൻ കർത്താവിനെ പ്രേരിപ്പിച്ചതും. മറ്റൊരു ശിഷ്യർക്കും ഇതുപോലൊരു ക്ഷണം കിട്ടിയിട്ടില്ല. കർത്താവിന്റെ മാറിൽ ചാരിക്കിടന്ന യോഹന്നാനു പോലും കിട്ടാത്ത അനുഭവം. ഹൃദയ പരമാർത്ഥയ്ക്ക് ദൈവം നൽകുന്ന സമ്മാനം വലുതാണ്.

അത്ഭുതം കാണാൻ ഓടിനടക്കുന്ന ജനത്തിന് വെല്ലുവിളിയാണ് തോമാശ്ലീഹായുടെ ചെയ്തികൾ. കർത്താവിന്റെ വിലാവിലെ മുറിവുകൾ കാണാൻ കൊതിച്ച ശിഷ്യൻ. കർത്താവിന്റെ പാർശ്വത്തിലെ മുറിവുകൾ കണ്ട് അതിൽ കൈവിരലിടണം എന്ന് ശഠിച്ചവനു മുമ്പിൽ അത്ഭുതം കാണിച്ച് പ്രത്യക്ഷപ്പെട്ട ഈശോ. അത്ഭുതങ്ങളെ ആഗ്രഹിക്കുമ്പോഴല്ല ഈശോ അത്ഭുതം ചെയ്യുന്നതെന്ന് ഓർക്കുക. സഹനങ്ങളെയും മുറിവുകളെയും തന്റെ ജീവിതത്തിൽ ആവോളം ആഗ്രഹിക്കുന്നവർക്കു മുമ്പിൽ ഈശോ അത്ഭുതം ചെയ്യുമെന്ന് തീർച്ചയാണ്. ഇതാണ് ഈ വചനഭാഗത്തിലൂടെ വെളിവാകുന്നത്.

ഹേറോദോസ് രാജാവ് കർത്താവിന്റെ ഒരു അത്ഭുതമെങ്കിലും കാണാൻ ആഗ്രഹിച്ചവനാണ്. അത്ഭുതം പ്രവർത്തിച്ചാൽ ഈശോ മോചിതനാകുമായിരുന്നു. പക്ഷെ, അവിടുന്ന് അത്ഭുതം ചെയ്തില്ല. കുരിശിൽ കിടക്കുന്ന യേശുവിനോട് ഇടതുഭാഗത്തെ കള്ളൻ പറയുന്നു: "നീ അത്ഭുതം പ്രവർത്തിച്ച് ഞങ്ങളെയും നിന്നെയും രക്ഷിക്ക." ഈശോ അത്ഭുതം പ്രവർത്തിച്ചില്ല. എന്നാൽ, മുറിവുകളെ കാണാൻ, കർത്താവിന്റെ സഹനങ്ങളെ സ്വന്തമാക്കാൻ ആഗ്രഹിച്ച തോമസിന്റെയടുത്ത് പ്രത്യക്ഷപ്പെടുന്നതാണ് ഈശോയുടെ അത്ഭുതം.

പത്തനംതിട്ടയ്ക്കടുത്ത് നടന്ന ഒരു സംഭവം ഓർക്കുന്നു. ഒരു യുവതിക്ക് ദേഹമാസകലം വ്രണങ്ങൾ. അത് പഴുത്തൊലിച്ച് ദുർഗന്ധം. അതിലേറെ അവളെ വേദനിപ്പിച്ചത് 'ഇവൾ മരിച്ചുപോയിരുന്നെങ്കിൽ' എന്ന് മറ്റൊരാളോട് പറഞ്ഞ അവളുടെ അമ്മയുടെ വാക്കുകളാണ്. ഒരു ദിവസം അവളെ കാണാൻ അവളുടെ ഏറ്റവുമടുത്ത കൂട്ടുകാരി വന്നു. അമ്മയുടെ വാക്കിലുള്ള അസഹ്യമായ വേദനയും ജീവിതത്തോടുള്ള മടുപ്പും മൂലം തന്റെ ജീവിതം അവസാനിപ്പിക്കും എന്ന് അവൾ കൂട്ടുകാരിയോട് പറഞ്ഞു. 'നാളെ ഞാൻ മരിച്ചെന്ന് നീ കേൾക്കും!' അവളെ തന്നാൽ കഴിയുംവിധം ആശ്വസിപ്പിച്ച് കൂട്ടുകാരി നേരെ പോയത് അടുത്ത ദൈവാലയത്തിലേയ്ക്കാണ്. അവിടെ കയറി ക്രൂശിതരൂപത്തിന് മുന്നിൽ മുട്ടുകുത്തി പ്രാർത്ഥിച്ചു. "ഈശോയെ, എന്റെ കൂട്ടുകാരിക്കെന്തിനാണ് താങ്ങാനാവുന്നതിൽപ്പരം മുറിവുകൾ കൊടുക്കുന്നത്. ആ മുറിവുകൾ എനിക്ക് തരിക. ഞാൻ സന്തോഷത്തോടെ സ്വീകരിക്കാം." അവൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കെ ദേമാസകലം വ്രണങ്ങൾ അവൾക്ക് കിട്ടി. അതേ നിമിഷം അത്ഭുതകരമായി അവളുടെ കൂട്ടുകാരിയുടെ രോഗാവസ്ഥ വിട്ടുമാറിയെന്ന് അവൾ അറിഞ്ഞു. രണ്ട് ആഴ്ച്ചയ്ക്കുള്ളിൽ കൂട്ടുകാരിയുടെ രോഗാവസ്ഥയും മാറി.

മുറിവുകളെ ചോദിച്ചുവാങ്ങിയപ്പോൾ അത്ഭുതം നടക്കുന്നത് നാം മനസ്സിലാക്കണം. അതുകൊണ്ട് നമ്മുടെ ജീവിതത്തിൽ സഹനങ്ങളെ ചോദിച്ചുവാങ്ങുക. അപ്പോൾ അത്ഭുതം കാണാം. അല്ലാതെ അത്ഭുതം കാണാനായി ഓടിനടക്കരുത്.